ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, സ്റ്റാറ്റ്യൂട്ടറി ബോർഡ് എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ മൊത്തം കടം എത്രയാണ്;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം ആളോഹരി എത്ര വീതം വരുമെന്ന് പറയാമോ?

ഉത്തരം

(എ) ബി.പി.ഇ. റിവ്യൂ അനുസരിച്ച് 31.3.1999 വരെയുള്ള കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം കടം (ദീർഘകാല വായ്പ) 7851.00 കോടി രൂപയാണ്.

(ബി) പൊതുമേഖലയിലെ ആളോഹരി കടം ഉദ്ദേശം 2600 രൂപയാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടത്തിയ അന്താരാഷ്ട്ര സെമിനാർ

34 (689)ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടത്തിയ അന്താരാഷ്ട്ര സെമിനാറിനോടനുബന്ധിച്ച് പത്രമാദ്ധ്യമങ്ങൾക്ക് പരസ്യം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു പരസ്യ കമ്പനിയോ ഏജൻസിയോ വഴിയാണ് പ്രസ്തുത പരസ്യം നൽകിയത്;

(സി) ഇവയുടെ ഉടമകൾ ആരെല്ലാമാണ്;

(ഡി) ഓരോ പത്രമാധ്യമങ്ങൾക്കും പരസ്യം നൽകിയ വകയിൽ എന്തുതുക ചെലവായി;

(ഇ) ഒട്ടാകെ ഈയിനത്തിൽ എന്തുതുക ചെലവായി?

ഉത്തരം

(എ) ഉണ്ട്.

(ബി) പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന നൽകുകയാണ് ചെയ്തിട്ടുള്ളത്.

(സി) ചോദ്യം പ്രസക്തമല്ല.

(ഡി)&(ഇ) എ.ബി.സി. ആന്റ് ഇ എന്നീ കാറ്റഗറികളിലുള്ള പത്രങ്ങൾക്കാണ് പരസ്യം നൽകിയത്. പത്രപരസ്യത്തിന് ആകെ ചെലവായത് 7.00 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly